**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **05-07-2022 - ൽ മറുപടിയ്ക്ക്**

**നെൽക്കർഷകരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാലവർഷക്കെടുതിയിലും വരൾച്ചയിലും നെൽക്കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾക്കുമായി എല്ലാ ജില്ലകളിലും സംസ്ഥാന ആസ്ഥാനത്തും കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കാറുണ്ട്. കൃഷി നാശം സംഭവിച്ച കർഷകർക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പിന്റെ ഓദ്യോഗിക പോർട്ടലായAIMS മുഖേന ഉടനടി അപേക്ഷകൾ സമർപ്പിക്കുവാൻ ആഹ്വാനം ചെയ്തു കൊണ്ടുള്ള സന്ദേശം പത്രമാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചാരം നൽകുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഫീൽഡ് പരിശോധന കൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്തു വരികയാണ്. പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി എന്ന പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള നഷ്ടപരിഹാരവും ലഭ്യമാക്കുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം |

| | | | |
|---|---|---|---|
| | | | വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 500 ലക്ഷം രൂപ 2022-2023 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനായി 2022-2023 സാമ്പത്തിക വർഷത്തിൽ 3000.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നെൽക്കർഷകരുടെ വിവിധ സബ്സിഡികൾ, നെല്ല് സംഭരണ വില മുതലായവ യഥാസമയം നല്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | നെൽകർഷകർക്കുള്ള വിവിധ സബ്സിഡികൾ, നെല്ല് സംഭരണവില മുതലായ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാനുള്ള എല്ലാവിധ വകുപ്പ്തല നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | തരിശു നിലങ്ങളിൽ കൃഷി ഇറക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കി നെൽകൃഷി നടപ്പിലാക്കുന്നതിന് 2022-23 വർഷത്തിൽ കൃഷി വകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതിയായ “നെൽകൃഷി വികസന പദ്ധതി” യുടെ ഭാഗമായി "തരിശുനില കൃഷി" എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം 1415 ഹെക്ടർ തരിശ് നിലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിലേക്ക് ആകെ 566 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുമുണ്ട്.<br><br>ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- -രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇതേ നിരക്കിൽ തരിശ് നെൽകൃഷിക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഒരു ഹെക്ടറിന് 1000/- രൂപ എന്ന നിരക്കിൽ ഉല്പാദന ബോണസും തരിശ് നിലം കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ